# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI  YEAR OF OUR LORD JESUS CHRIST, 2025 MARCH  No. 05


## വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**സങ്കീർത്തനങ്ങൾ 19:1 –9**

01. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.
02. പകൽ പകലിനു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിയ്ക്കു അറിവു കൊടുക്കുന്നു.
03. ഭാഷണമില്ല; വാക്കുകളില്ല; ശബ്ദം കേൾപ്പാനുമില്ല.
04. ഭൂമിയിൽ എല്ലാടവും അതിന്റെ അളവു നൂലും ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു; അവിടെ അവൻ സൂര്യന്നു ഒരു കൂടാരം അടിച്ചിരിക്കുന്നു.
05. അതു മണവറയിൽനിന്നു പുറപ്പെടുന്ന മണവാളന്നു തുല്ല്യം; വീരനെപ്പോലെ തന്റെ ഓട്ടം ഓടുവാൻ സന്തോഷിക്കുന്നു.
06. ആകാശത്തിന്റെ അറ്റത്തുനിന്നു അതിന്റെ ഉദയവും അറുതി വരെ അതിന്റെ അയനവും ആകുന്നു; അതിന്റെ ഉഷ്ണം ഏൽക്കാതെ മറഞ്ഞിരിക്കുന്നതു ഒന്നുമില്ല.
07. യഹോവയുടെ ന്യായപ്രമാണം തികവുള്ളതു; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അതു അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു.
08. യഹോവയുടെ ആജ്ഞകൾ നേരുള്ളവ; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; യഹോവയുടെ കല്പന നിർമ്മലമായതു; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു.
09. യഹോവാഭക്തി നിർമ്മലമായതു; അതു എന്നേക്കും നിലനിൽക്കുന്നു; യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു.

# യിശ്ശായിയുടെ കുറ്റി!

## STUMP OF JESSE!




*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*




കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതുല്ല്യ നാമത്തിൽ വിളിയുടെ പ്രതി ധ്വനിയുടെ കുടുംബാംഗങ്ങൾക്ക് ആശംസകൾ നേരുന്നു!

യേശുക്രിസ്തുവിന്റെ ശുശ്രൂഷയെക്കുറിച്ച് പ്രവചനാത്മകമായി പ്രതിപാദിച്ചിരിക്കുന്ന യെശയ്യാവിന്റെ 11-ാം അദ്ധ്യായം ഞാൻ വായിക്കുകയായിരുന്നു. അതിന്റെ ആദ്യത്തെ വാക്യം എന്റെ ശ്രദ്ധ പതിഞ്ഞു:

**എന്നാൽ യിശ്ശായിയുടെ കുറ്റിയിൽനിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും** (യെശയ്യാവ് 11:1).

## കുറ്റി!

കുറ്റി എന്ന വാക്ക് എന്റെ ശ്രദ്ധയിൽപെട്ടു. കുറ്റി എന്നാൽ യഥാർത്ഥത്തിൽ എന്താണ്? ഒരിക്കൽ സമൃദ്ധമായിവളർന്നുകൊണ്ടിരുന്ന ജീവൻ പെട്ടെന്ന് വെട്ടിച്ചുരുക്കിയിട്ടുള്ള ജീവിതത്തിന്റെ അവസാനത്തെയാണ് കുറ്റി പ്രതിനിധീകരിക്കുന്നത്. ഒരിക്കൽ തഴച്ചു വളർന്നിരുന്നതിന്റെ ഐശ്വര്യം നിലച്ചുപോയ ശേഷിപ്പിനെയാണ് ഇത് പ്രതീകാത്മകമാക്കുന്നത്. അത് ജീവനില്ലാത്തതും ഭാവിയില്ലാത്തതുമായ പൂർണ്ണതയുടെ ചിത്രമാണ്. അഴുകാനും


*3-ാം പേജിൽ തുടരും...*





**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**


Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

*** Please Subscribe and Share ***

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...





"നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ പാദപീഠത്തിങ്കൽ നമസ്കരിപ്പിൻ; അവൻ പരിശുദ്ധൻ ആകുന്നു"– സങ്കീർത്തനങ്ങൾ 99:5

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

ക്രിസ്തുവിൽ പ്രീയരേ,

ഈ വർഷത്തിന്റെ ആദ്യ രണ്ടു മാസങ്ങൾ ദൈവം നമ്മെ അതിശയകരമായി നടത്തി. സകല ബഹുമാനവും പുകഴ്ചയും സ്തോത്രവുമെല്ലാം അങ്ങേയ്ക്കു സമർപ്പിക്കുന്നു. മുഖ്യ സഭയിലും ഓഫീസിലുമെല്ലാം ഞങ്ങളുടെ ശുശ്രൂഷയുമായി ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങൾക്കായും അങ്ങേയ്ക്കു നന്ദി പറയുന്നു.

സന്തോഷപുരം, ചെപ്പോക്ക്, വേളാച്ചേരി, എന്നിവിടങ്ങളിലെ തമിഴ് ഭാഷയിലെ **നെഹെമ്യ ബൈബിൾ കോളേജുകൾ**ക്കുവേണ്ടിയും ഹിന്ദി ഭാഷയിലെ റെസിഡെൻഷ്യൽ **നെഹെമ്യ ബൈബിൾ കോളേജിനും** വേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങൾ അപേക്ഷിക്കുന്നു. ഈ കാലഘട്ടത്തിൽ അർപ്പണബോധമുള്ള ശുശ്രൂഷകരെ ലഭിക്കുവാൻ വളരെ പ്രയാസമാണ്. അതിനാൽ സമർപ്പണമുള്ള വിദ്യാർത്ഥികളെ ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.

16 ഭാഷകളിലുള്ള മാസംതോറുമുള്ള ഞങ്ങളുടെ വർത്തമാനപത്രം ഭൂരിഭാഗവും സൗജന്യമായാണ് നൽകുന്നത്. യുവജനങ്ങളുടെ തലമുറയിൽ അച്ചടിച്ച സാഹിത്യം വായിക്കാനുള്ള താല്പര്യം കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. **വിളിയുടെ പ്രതിധ്വനി** മാസിക നിങ്ങളുടെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും പരിചയപ്പെടുത്തിക്കൊടുക്കുവാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അതിലൂടെ കൂടുതൽ ആളുകളിലേക്ക് എത്തിച്ചേരുവാൻ ഞങ്ങൾക്കു സഹായകമാകും.

യുട്യൂബിലൂടെ എല്ലാ ദിവസവും ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, തെലുങ്ക് ഭാഷകളിൽ **വിളിയുടെ പ്രതിധ്വനി**യുടെ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്യാനായി ദൈവം കൃപ ചെയ്യുന്നു. അതുപോലെ ഞായർ ആരാധനകളും **വിളിയുടെ പ്രതിധ്വനി** യുട്യൂബ് ചാനലിലൂടെ തത്സമയസംപ്രേഷണം ചെയ്യുന്നുണ്ട്. ഇവ കണ്ട് അനുഗ്രഹം പ്രാപിക്കുവിൻ.

കുട്ടികൾക്കും യുവജനങ്ങൾക്കുംവേണ്ടിയുള്ള ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ് കെയറിനെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർമ്മിക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സാമ്പത്തിക ബാദ്ധ്യതയില്ലാതെതന്നെ നിങ്ങൾക്കും ഈ സംരംഭത്തിൽ പങ്കാളിയാകുവാൻ സാധിക്കും. ലോകം മുഴുവനുമുള്ള കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെും ക്ഷേമത്തിനുവേണ്ടി നിങ്ങൾ ലോകത്തിന്റെ ഏതു ഭാഗത്തായിരുന്നാലും എല്ലാ ദിവസവും രാത്രി 10.00 മണിക്ക് പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ മൊബൈൽ ഫോണിൽ സമയം സെറ്റ് ചെയ്തിട്ട് ഇങ്ങനെ പ്രാർത്ഥിക്കുവിൻ:

**"കർത്താവേ, ലോകം മുഴുവനുമുള്ള എല്ലാ യുവാക്കളെയും യുവതികളെയും കുഞ്ഞുങ്ങളെയും ഓർക്കേണമേ."**

ഈ ശുശ്രൂഷ ആരംഭിച്ചിട്ട് രണ്ടു വർഷമേ ആയിട്ടുള്ളു എങ്കിലും അനേകർ ഇതിൽ ചേർന്ന് ദൈവത്തിൽനിന്നുള്ള അനുഗ്രഹം പ്രാപിക്കുന്നു. നിങ്ങൾക്ക് പങ്കെടുക്കാൻ താല്പര്യമുണ്ടെങ്കിൽ ഞങ്ങളെ അറിയിക്കുവിൻ.

ദൈവകൃപയാൽ നല്ല രീതിയിൽ നടക്കുന്ന താഴെ പറയുന്ന ശുശ്രൂഷകൾക്കായും പ്രാർത്ഥിക്കുവിൻ.

✸ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ**, സുവിശേഷ അച്ചടിശാല, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലുള്ള **ബൈബിൾകോർ** (ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്).

നിങ്ങളുടെ പ്രാർത്ഥനയ്ക്കും സാമ്പത്തിക സഹായത്തിനും നന്ദിയുണ്ട്. ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

My son, Pastor Alex Samson Sam, entered the Kingdom of the Lord on February 13th, 2025.

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*

*പാസ്റ്റർ അലക്സ് സാംസൺ സാം,*
*പാസ്റ്റർ എസ്. സാം സെൽവരാജ്*

(+91) 98412 71858 / 98410 71858,
E.mail : sam@echoofhiscall.org

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
HON. MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ✿ BIBLECOR - Postal Courses (3 languages) ✿ YouTube Ministry ✿ Online Courses ✿ Theological Correspondence Courses (2 languages) ✿ Church Planting ✿ Nehemiah Bible Colleges ✿ Gospel Printing Press ✿ Great Commission Partners ✿ St. Paul's Matriculation School ✿ Crusades ✿ Community Development

## നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്!

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

– പാസ്റ്റർ സാം സെൽവരാജ്

1–ാം പേജിന്റെ തുടർച്ച...

ഒടുവിൽ അപ്രത്യക്ഷമാകാനും വിധിക്കപ്പെട്ടതിന്റെ അവസാനത്തെയാണ് ഒരു കുറ്റി അടയാളപ്പെടുത്തുന്നത്.

ഈ വാക്യം ദാവീദിന്റെ രാജകീയ വംശത്തെ സൂചിപ്പിക്കുന്നു, അത് ഒരു ശേഷിപ്പായി ചുരുങ്ങി–വെറും ഒരു കുറ്റിയായി. ശേഷിപ്പുകൾ അതിജീവിച്ചും, പരീക്ഷണങ്ങൾ സഹിച്ചും, പ്രതികൂല സാഹചര്യങ്ങളെ നേരിട്ടും, കടന്നു വന്നവരാണ് ഉറച്ചു നിന്നവർ. യേശുക്രിസ്തുവിന്റെ അടിത്തറയിൽ ഉറച്ചു നിൽക്കുകയും എല്ലാ കൊടുങ്കാറ്റിലും അവനോടു പറ്റിനിൽക്കുകയും ചെയ്ത തന്റെ വിശ്വസ്ത ശേഷിപ്പിന് ദൈവം എന്തു ചെയ്യാൻ പോകുന്നു എന്നതിന്റെ വാഗ്ദാനമാണ് യെശയ്യാവ് 11:1.

ദാവീദും അവന്റെ പിൻഗാമികളും സിംഹാസനത്തിലിരുന്ന് രാജ്യം ഭരിക്കണമെന്നായിരുന്നു ദൈവത്തിന്റെ ആദ്യ പദ്ധതി. എന്നാൽ ചരിത്രം മറ്റൊരു കഥയാണ് പറയുന്നത്. 2 രാജാക്കന്മാർ 24, 25 അദ്ധ്യായങ്ങളിൽ യഹൂദയുടെ അവസാനത്തെ രാജാവായ സിദെക്കിയാവിനെ (പേരിന്റെ അർത്ഥം ദൈവത്തിന്റെ ദാനം) നെബുഖദ്നേസർ പിടികൂടിയതായി നാം മനസ്സിലാക്കുന്നു, ഇത് ദാവീദിന്റെ വംശപരമ്പരയുടെ രാജകീയ അധികാരം പ്രത്യക്ഷത്തിൽ അവസാനിച്ചു. ഏകദേശം 600 വർഷക്കാലം യിസ്രായേലിൽ രാജാവുണ്ടായിരുന്നില്ല.

ഈ നിശബ്ദതക്കിടയിൽ ദൈവം തന്റെ വാഗ്ദാനം മറന്നുപോയതായി തോന്നി. എന്നാൽ വിശ്വസ്തനായ ദൈവം തന്റെ സമയത്തിനായി കാത്തിരിക്കുകയായിരുന്നു. യഹൂദന്മാരുടെ രാജാവിന്റെ വരവിനായി യിസ്രായേൽ ജനം വളരെ പ്രതീക്ഷയോടെ കാത്തിരുന്നു. തുടർന്ന്, കാലത്തിന്റെ പൂർണ്ണതയിൽ യിശ്ശായിയുടെ കുറ്റിയിൽനിന്ന് ഒരു മുള ഉയർന്നുവരുമെന്ന് ദൈവം പ്രഖ്യാപിച്ചു.

### മുള!

ചത്ത കുറ്റിയിൽനിന്ന് ജീവൻ എങ്ങനെ ഉയർത്തെഴുന്നേല്ക്കും? അത് അസാദ്ധ്യമാണ് എന്നു തോന്നി. എന്നാൽ ഏറ്റവും പ്രതീക്ഷയില്ലാത്ത സാഹചര്യങ്ങളിൽപോലും ദൈവത്തിന് പുനരുജ്ജീവിപ്പിക്കുവാൻ കഴിയും. ഇത് യിസ്രായേൽ എന്ന ശക്തമായ രാജ്യത്തിന്റെ അവസാനമായി തോന്നിയെങ്കിലും യേശു ക്രിസ്തുവിന്റെ ജനനത്തിലൂടെ ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ പൂർത്തീകരണവും സംഭവ്യമായി.

തങ്ങളെ അടിച്ചമർത്തുന്നവരെ അട്ടിമറിക്കാൻ തയ്യാറുള്ള ശക്തനും പരാക്രമശാലിയുമായ ഒരു രാജാവായി മശിഹായെ സങ്കല്പിച്ച യിസ്രായേല്യരുടെ പ്രതീക്ഷയ്ക്കു വിപരീദമായി യേശുക്രിസ്തു അവതരിച്ചത് താഴ്മയുടെ പ്രതീകമായ പുൽത്തൊഴുത്തിലൂടെയാണ്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ ചിലപ്പോഴൊക്കെ മനുഷ്യരുടെ ഇഷ്ടങ്ങൾക്കു വിപരീദമായിട്ടാണ് പ്രകടമാകുന്നത്. എന്നിരുന്നാലും അവന്റെ പദ്ധതികൾ എല്ലായ്പോഴും പൂർണ്ണമാണ്.

പുതിയ ജീവിതത്തിന്റെയും പ്രതീക്ഷയുടെയും പുനരുദ്ധാനത്തിന്റെയും പ്രതീകമായി യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായി യിശ്ശായിയുടെ കുറ്റിയിൽനിന്ന് ഒരു മുള ഉയർന്നുവരുന്നു.

### മുളയെക്കുറിച്ചുള്ള പ്രതിഫലനം!

കുറ്റിയിൽ നിന്നുള്ള മുളയുടെ പ്രതിച്ഛായയെക്കുറിച്ച് ധ്യാനിക്കാൻ നമുക്ക് മുള എന്ന പദം ഉപയോഗിക്കാം.

### വാ→ 1. വാഗ്ദത്തങ്ങളുടെ ഉറവിടം!

നമ്മുടെ ദൈവം വാഗ്ദത്തങ്ങളുടെ ദൈവമാണ്. അവൻ ഉടമ്പടികൾ ചെയ്യുന്നു എങ്കിലും ഒരിക്കലും അവന്റെ വചനത്തിൽനിന്നും പിന്നോട്ടു പോകുന്നില്ല. അവന്റെ വാഗ്ദാനങ്ങളിൽ നമ്മുടെ അടിത്തറ കെട്ടിപ്പടുക്കുമ്പോൾ നാം ജേതാക്കളാണ്. കാരണം, അവന്റെ വാഗ്ദാനങ്ങൾ യേശുക്രിസ്തുിൽ "അതെ" എന്നും "ആമേൻ" എന്നുമാണ്. ദൈവം ഒരിക്കലും തന്റെ വചനം മറക്കുന്നില്ല. അപ്രതീക്ഷിതമായ സമയങ്ങളിൽപോലും അവൻ തന്റെ വാഗ്ദാനങ്ങൾ നിറവേറ്റുന്നു. കാരണം, അവൻ വിശ്വസ്തനായ വാഗ്ദാനപാലകനാണ്.

ദാവീദിനോടുള്ള വാഗ്ദാനം അവൻ പാലിച്ചു: **നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും എന്നേക്കും ഉറച്ചിരിക്കും** (1 ശമൂവേൽ 7:16).

ദാവീദിന്റെ വംശപരമ്പരയിൽനിന്ന് യിസ്രായേിന്റെ സിംഹാസനത്തിലിരിക്കാൻ ഒരു രാജാവില്ലായിരുന്നതിനാൽ, കുറച്ചു കാലത്തേക്ക് ദൈവം തന്റെ വാഗ്ദത്തം മറന്നുപോയതായി തോന്നി. എന്നാൽ അപ്രതീക്ഷിത സമയത്തിൽ ദൈവത്തിന്റെ വാഗ്ദത്തം നിറവേറ്റിക്കൊണ്ട്, കുറ്റിയിൽനിന്ന് ഒരു മുള പുറത്തുവന്നു.


**Statement about ownership and other particulars about the Newspaper Echo of His Call (Malayalam) - Form IV (See Rule 8)**

| | |
|---|---|
| 1. Place of Publication | : **New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai - 600 005.** |
| 2. Periodicity | : **Monthly** |
| 3. Printer, Editor, Owner & Publisher | : **S. Sam Selva Raj** (Same Address) |
| 4. Nationality | : **Indian** |

I, **S. Sam Selva Raj** hereby declare that the particulars given above are true to the best of my knowledge and belief.

**March 2025** **S. Sam Selva Raj.**

**...ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും (ഉല്പത്തി 28:15).**



**അബ്രഹാമിന്റെ സന്തതികൾ നക്ഷത്രങ്ങളെപ്പോലെ അസംഖ്യമായിരിക്കും എന്ന് ദൈവം വാഗ്ദത്തം ചെയ്തു.**

ഉല്പത്തി 22-ാം അദ്ധ്യായത്തിൽ നിന്റെ സന്തതി ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ എണ്ണത്തിൽ കൂടുതലാകും എന്ന് വാഗ്ദത്തം ചെയ്തു. എന്നാൽ വാഗ്ദത്തസന്തതിയായ അബ്രഹാമിന്റെ മകനായ യിസഹാക്കിനെ യാഗം കഴിക്കാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ അബ്രഹാമിന്റെ വിശ്വാസം പരീക്ഷിക്കപ്പെട്ടു. യാഗം കഴിക്കാൻ കത്തി ഉയർത്തിയപ്പോൾ യിസഹാക്കിനു പകരം ഒരു ആട്ടുകൊറ്റനെ ദൈവം നൽകി. സാഹചര്യങ്ങൾ അസാദ്ധ്യമാണെന്നു തോന്നുമ്പോഴും ദൈവം തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റാൻ വിശ്വസ്തനാണെന്ന് ഈ സംഭവം തെളിയിക്കുന്നു.

ഇന്നുതന്നെ അവന്റെ വാഗ്ദത്തങ്ങൾ അവകാശമാക്കൂ.

## 2. പ്രത്യാശ പുനഃസ്ഥാപിച്ചു!

പ്രതീക്ഷയില്ലാത്ത സാഹചര്യങ്ങളിൽ പോലും എല്ലാവർക്കും പ്രത്യാശ നൽകുന്നതാണ് യേശുക്രിസ്തുവിന്റെ സന്ദേശം. ലോകമെമ്പാടുമുള്ള നിരവധി പേർക്ക് തങ്ങളുടെ ബന്ധങ്ങൾ, സാമ്പത്തികം, ഭാവി എന്നിവയിലുള്ള പ്രതീക്ഷയും തങ്ങളിൽത്തന്നെയുള്ള പ്രതീക്ഷയും നഷ്ടപ്പെട്ടതിനാൽ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. യേശുക്രിസ്തു നിർജ്ജീവമായ സാഹചര്യങ്ങൾക്ക് പ്രത്യാശ പകരുന്നു എന്നതാണ് സന്തോഷവാർത്ത.

കുറ്റിയിൽനിന്ന് ഒരു മുള പൊട്ടിപ്പുറപ്പെടുന്നതുപോലെ നിർജ്ജീവമായ സാഹചര്യങ്ങളെ പുതിയ ജീവിതത്തിന്റെ ഉറവിടങ്ങളാക്കി യേശുക്രിസ്തു മാറ്റുന്നു. യേശുവിന്റെ ജനനത്തിന്റെ കേന്ദ്രസന്ദേശങ്ങളിലൊന്ന് ഇതാണ് : പ്രത്യാശ. ഒരിക്കൽ ജീവൻ നഷ്ടപ്പെട്ടതും പ്രതീക്ഷയ്ക്ക് അതീതവുമായ ഈ കുറ്റി ഒരു പുതിയ പ്രതീക്ഷ നൽകും.

പൂക്കളും ഇലകളും, ശിഖരങ്ങളിൽ കൂടുട്ടിയ പക്ഷികളുമായി നിറഞ്ഞ്, തണലും സംരക്ഷണവും നൽകി, ഒരു കാലത്ത്, തഴച്ചുവളർന്ന പച്ചമരമായിരുന്ന ഈ കുറ്റി ഇപ്പോൾ തകർന്നും ശൂന്യമായും ജീവനില്ലാത്തതുമായി നിലകൊള്ളുന്നു. അത് ലക്ഷ്യമില്ലാതെ, ഉപയോഗശൂന്യവും ജീർണ്ണിക്കാൻ വേണ്ടി നിലകൊള്ളുന്നതുമായി കാണുന്നു. എന്നിട്ടും, ആ ശൂന്യതയിൽ അതിൽനിന്നും ഒരു മുള ഉയർന്നുവരുന്നു-ജീവൻ നിറഞ്ഞ ഒരു പുതിയ ശാഖ.



**സാരെഫാത്തിലെ വിധവ വിറകു പെറുക്കുകയായിരുന്നു!**

ഒരു കടുത്ത ക്ഷാമകാലത്ത് സാരെഫാത്തിലെ വിധവ, തനിക്കും മകനും മരിക്കുന്നതിനുമുമ്പ് അവസാനത്തെ ഭക്ഷണം തയ്യാറാക്കുവാനായി വിറകു ശേഖരിക്കുകയായിരുന്നു. ഏലിയാവിന്റെ അഭ്യർത്ഥനപ്രകാരം അവസാനത്തെ മാവും എണ്ണയും ഉപയോഗിച്ച് അപ്പമുണ്ടാക്കി മകനു കൊടുത്തു. അതിനുശേഷം അവർക്ക് ആവശ്യമായതെല്ലാം ദൈവം നൽകിയതുകൂടാതെ മാവിനോ എണ്ണക്കോ ഒരു കുറവും വരുത്തിയില്ല.

നിർജ്ജീവമായ കുറ്റിയിൽനിന്നുള്ള മുള പോലെ, ഏറ്റവും നിരാശാജനകമായ സാഹചര്യങ്ങളിൽ ദൈവം പ്രത്യാശയും പോഷണവും എങ്ങനെ പുനഃസ്ഥാപിക്കുന്നു എന്ന് 1 രാജാക്കന്മാർ 17:7-16 വരെയുള്ള വാക്യങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന ഏലിയാവിന്റെയും വിധവയുടെയും സംഭവം വെളിവാക്കുന്നു.

നിങ്ങളുടെ സാഹചര്യം എത്ര നിരാശാജനകമായരുന്നാലും, യേശുവിൽ വിശ്വസിക്കുക. അവൻ വാഗ്ദത്തങ്ങളുടെ ഉറവിടവും പ്രത്യാശയുടെ പുനഃസ്ഥാപനവുമാണ്.

**ദൈവത്തിന്റെ പുനഃസ്ഥാപനവും പുതിയ തുടക്കങ്ങളും!**

**ദൈവം പ്രത്യാശ പുനഃസ്ഥാപിക്കുന്നു.**

ദൈവം മറ്റുള്ളവരുടെ ജീവിതത്തിൽ ചെയ്തതുപോലെ നമ്മുടെ ജീവിതത്തിലും ചെയ്യും. നിരാശാജനകമായ സാഹചര്യങ്ങളെ സന്തോഷത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ഉറവിടങ്ങളാക്കി മാറ്റും. തന്റെ കഷ്ടപ്പാടുകളെ ദൈവത്തിന്റെ മുമ്പിൽ കൊണ്ടുവന്ന വിധവയെപ്പോലെ നാമും നമ്മുടെ ഭാരങ്ങൾ യേശുക്രിസ്തുവിന്റെ പാദപീഠത്തിൽ സമർപ്പിക്കണം. എല്ലാം അവനു നൽകുമ്പോൾ, അവൻ നമ്മുടെ ദുഃഖത്തെ സന്തോഷമാക്കുകയും നമ്മുടെ പ്രത്യാശയെ പുനഃസ്ഥാപിക്കുകയും ചെയ്യും. നഷ്ടപ്പെട്ടെന്നു നാം കരുതിയ പ്രത്യാശ പോലും യേശുക്രിസ്തുവിന്റെ നാമത്തിൽ പുതുക്കുവാൻ കഴിയും.

## 3. നഷ്ടത്തെ കീഴടക്കുന്നവൻ!

നാം സാഹചര്യങ്ങളുടെ ഇരകളായി കഴിയാതെ നഷ്ടത്തെ കീഴടക്കുന്നവരായിരിക്കുവാൻ ദൈവം നമ്മെ വിളിക്കുന്നു. കഴിഞ്ഞ വർഷത്തെയും പഴയതൊക്കെയും കൊണ്ടു നടക്കുന്നു എന്നോർത്ത് വിലപിക്കേണ്ടതില്ല, കർത്താവ് അതൊക്കെ മാറ്റി തകർന്നവയെ പുനഃസ്ഥാപിക്കും. അവൻ പുനഃസ്ഥാപനത്തിന്റെയും അനുരഞ്ജനത്തിന്റെയും ദൈവമാകയാൽ നമ്മെ പിതാവുമായി അനുരഞ്ജിപ്പിക്കുന്നു.

അനുസരണക്കേട്, പാപം അല്ലെങ്കിൽ ദൈവത്തിൽനിന്നുള്ള അകൽച്ച മുഖാന്തരം എന്തൊക്കെ നഷ്ടപ്പെട്ടുവോ, അതെല്ലാം പുനഃസ്ഥാപിക്കുവാൻ കർത്താവിനു കഴിയും. പിതാവുമായുള്ള നമ്മുടെ ബന്ധം, കുരിശിലെ തന്റെ യാഗത്തിലൂടെ അവൻ പുനഃസ്ഥാപിച്ചെങ്കിൽ നമ്മുടെ ജീവിതത്തിലെ മറ്റു കാര്യങ്ങളും അവൻ ചെയ്യും. ദൈവവുമായി നമ്മെ അനുരഞ്ജിപ്പാനാണ് അവൻ മരണമനുഭവിച്ചത്. നിങ്ങൾക്ക് എന്തെങ്കിലും നഷ്ടമായിട്ടുണ്ടെങ്കിൽ അവനിൽ വിശ്വസിച്ചാൽ അവൻ പുനഃസ്ഥാപിക്കും.

മരിച്ചതും നിർജ്ജീവവുമായ കുറ്റിക്ക് ജീവൻ നൽകാൻ ദൈവത്തിനു കഴിയുമെങ്കിൽ നമുക്കായി അവന് എത്രത്തോളം കൂടുതൽ

*6-ാം പേജിൽ തുടരും...*

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**മാർച്ച് 19** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**മാർച്ച് 20** ⇨ വിദൂര പ്രദേശങ്ങളിൽ ദൈവവേല ചെയ്യുന്ന മിഷണറിമാർക്കും കുടുംബങ്ങൾക്കുമായി.

**മാർച്ച് 21** ⇨ വേദപുസ്തകം, ക്രിസ്തീയ സാഹിത്യം എന്നിവയുടെ ലോകം മുഴുവനുമുള്ള അച്ചടിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനായി.

**മാർച്ച് 22** ⇨ ഞങ്ങളുടെ പങ്കാളികൾ, സ്വന്തം ആവശ്യങ്ങളുടെ മദ്ധ്യേയും സാമ്പത്തികമായി ഞങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 23** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബങ്ങൾക്കുമായി.

**മാർച്ച് 24** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും സ്വർഗ്ഗീയ സംരക്ഷണവും നല്ല ആരോഗ്യവും നൽകിയതിനായി.

**മാർച്ച് 25** ⇨ മിഷണറിമാരെ സാമ്പത്തികമായി സഹായിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഞങ്ങളെ ഒരുക്കിയതിനായി.

**മാർച്ച് 26** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ** എന്നിവയുടെ എല്ലാ പ്രവർത്തനങ്ങൾക്കുമായി.

**മാർച്ച് 27** ⇨ മികച്ച ക്രിസ്തീയ മൂല്യങ്ങളെ അടിസ്ഥാനമാക്കി മിഷണറിമാർ ലോകവ്യാപകമായി സ്ഥാപിച്ചിരിക്കുന്ന വിദ്യാലയങ്ങൾക്കായി.

**മാർച്ച് 28** ⇨ 1969 മുതൽ മാസിക ശുശ്രൂഷയെ ധാരാളമായി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 29** ⇨ **വിളിയുടെ പ്രതിധ്വനി** യുട്യൂബ് ചാനലിന് പുതിയ വരിക്കാരെ നൽകി അനുഗ്രഹിച്ചതിനായി.

**മാർച്ച് 30** ⇨ നമ്മുടെ **ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ് കെയറിനെ** അനുഗ്രഹിച്ചതിനായി.

**മാർച്ച് 31** ⇨ സംസ്ഥാന കോഡിനേറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഏപ്രിൽ 01** ⇨ അരാജകങ്ങൾക്കും യുദ്ധഭീതിക്കും മദ്ധ്യേ എല്ലാ രാജ്യങ്ങൾക്കും ദൈവീക സംരക്ഷണവും സമാധാനവും സ്ഥിരതയ്ക്കുകമായി.

**ഏപ്രിൽ 02** ⇨ രാഷ്ട്രീയവും മതപരവുമായ എതിർപ്പുകളുടെ മദ്ധ്യേ നമ്മുടെ ക്രിസ്തീയ ശുശ്രൂഷകൾ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഏപ്രിൽ 03** ⇨ വിവിധ മാർഗ്ഗങ്ങളിലൂടെ സുവിശേഷം പ്രചരിപ്പിക്കാൻ സീനിയർ പാസ്റ്ററെ അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഏപ്രിൽ 04** ⇨ ഗവൺമെന്റ് പരീക്ഷ എഴുതാൻ പോകുന്ന **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ 10-ാം ക്ലാസ്** വിദ്യാർത്ഥികൾക്കുവേണ്ടി.

**ഏപ്രിൽ 05** ⇨ 2025-26 അദ്ധ്യയന വർഷത്തിൽ **നെഹെമ്യ ബൈബിൾ റെസിഡെൻഷ്യൽ, സായാഹ്ന ക്ലാസ്സുകളിൽ** യോഗ്യരായ വിദ്യാർത്ഥികൾ ലഭിക്കുവാൻ.

**ഏപ്രിൽ 06** ⇨ ബഹുമുഖ പ്രവർത്തനങ്ങളിലായിരിക്കുന്ന സീനിയർ പാസ്റ്റർ സാം സെൽവരാജിന് പുതിയ ദർശനങ്ങൾ ലഭിക്കുവാൻ.

**ഏപ്രിൽ 07** ⇨ മയക്കുമരുന്നിന്റെ ആസക്തിയിൽനിന്ന് യുവാക്കളുടെയും കുട്ടികളുടെയും സംരക്ഷണക്കായി.

**ഏപ്രിൽ 08** ⇨ വർദ്ധിച്ചുവരുന്ന ദുശ്ശീലങ്ങളിൽനിന്ന് ലോകമെമ്പാടുമുള്ള യുവാക്കളുടെയും കുട്ടികളുടെയും സംരക്ഷണക്കായി.

**ഏപ്രിൽ 09** ⇨ 2025-26 അദ്ധ്യയന വർഷത്തിൽ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പുതിയ വിദ്യാർത്ഥികളുടെ അഡ്മിഷനുവേണ്ടി.

**ഏപ്രിൽ 10** ⇨ ലോകമെമ്പാടും കുട്ടികളുടെ കടത്ത് തടയുവാൻ.

**ഏപ്രിൽ 11** ⇨ ലോക സഭകളുടെ ഉണർവ്വിനായി

**ഏപ്രിൽ 12** ⇨ എല്ലാ രാജ്യങ്ങളിലെയും പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി, എം.പി. മാർ തുടങ്ങിയർക്കായി.

**ഏപ്രിൽ 13** ⇨ ഞങ്ങളുടെ പങ്കാളികളുടെയും സംസ്ഥാന കോഡിനേറ്റർമാരുടെയും നല്ല ആരോഗ്യത്തിനായി.

**ഏപ്രിൽ 14** ⇨ ലോകമെമ്പാടുമുള്ള യുവാക്കളും കുട്ടികളും യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുവാൻ.


**ഏപ്രിൽ 15** ⇨ എല്ലാ രാജ്യങ്ങളും, എല്ലാ മേഖലയിലും ആസൂത്രണങ്ങളിലും ഐക്യവും പുരോഗതിയും സമാധാനവും അനുഭവിക്കുവാൻ.

**ഏപ്രിൽ 16** ⇨ പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും ഞങ്ങളുടെ ശുശ്രൂഷകളെ ഉയർത്തിപിടിക്കുന്ന ഞങ്ങളെ പിന്തുണക്കുന്നവർ, അഭ്യുദയകാംക്ഷികൾ, സുഹൃത്തുക്കൾ എന്നിവർ ശക്തിപ്പെടുവാനും അനുഗ്രഹിക്കപ്പെടുവാനും.

**ഏപ്രിൽ 17** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും ദുഃഖവെള്ളി, ഈസ്റ്റർ ആരാധനകൾക്കായി.

**ഏപ്രിൽ 18** ⇨ ആഗോള സാമ്പത്തിക മാന്ദ്യം അവസാനിക്കുവാനും ബാധിച്ചവർക്ക് ആശ്വാസം ലഭിക്കുവാനും.

... 4-ാം പേജിന്റെ തുടർച്ച



**ഇയ്യോബിന് ദൈവം എല്ലാം പുനഃസ്ഥാപിച്ചുകൊടുത്തു!**

ചെയ്യാൻ കഴിയും? ഇയ്യോബിന്റെ ചരിത്രം 42-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതു ശ്രദ്ധിക്കുവിൻ. കുട്ടികൾ, ആരോഗ്യം, സമ്പത്ത് എന്നിവയെല്ലാം അവനു നഷ്ടപ്പെട്ടു. അവന്റെ കഠിനമായ കഷ്ടപ്പാടുകൾക്കുമദ്ധ്യേ അവൻ വിശ്വസ്തനായി തുടർന്നു. അവസാനം ദൈവം അവന് എല്ലാം പുനഃസ്ഥാപിച്ചു, മുമ്പുണ്ടായിരുന്നതിന്റെ ഇരട്ടി അവനു നൽകി. സങ്കൽപ്പിക്കാനാകാത്ത നഷ്ടങ്ങൾക്കുശേഷവും സമൃദ്ധമായി അനുഗ്രഹിക്കുന്ന പുനഃസ്ഥാപകനാണ് ദൈവം എന്ന് ഇതു തെളിയിക്കുന്നു. (ഇയ്യോബ് 42).



**ദാവീദ് എല്ലാം പുനഃസ്ഥാപിച്ചു!**

അതുപോലെ അമാലേക്യരോട് ദാവീദിന് എല്ലാം നഷ്ടമായി എങ്കിലും നിരാശപ്പെടാതെ, കർത്താവിൽ ശക്തി തേടി, എല്ലാം വീണ്ടെടുത്തു (1 ശമൂവേൽ 30). നിങ്ങൾക്കു നഷ്ടപ്പെട്ടതെല്ലാം കർത്താവു മടക്കി നൽകട്ടെ.

## പു → 4. പുതിയ തുടക്കങ്ങൾ തുറക്കുന്നവൻ!



നമുക്കെല്ലാവർക്കും പ്രത്യാശയും നല്ല ഭാവിയും നൽകാനുള്ള ഒരു പദ്ധതി ദൈവത്തിനുണ്ടെന്ന് വേദപുസ്തകം നമുക്ക് ഉറപ്പു നൽകുന്നു. അവന്റെ കരങ്ങളിലെ കൈപ്പത്തിയിൽ നമ്മെ കൊത്തിവച്ചിരിക്കുന്നു. എന്നിരുന്നാലും ജീവിതത്തിൽ ചിലപ്പോൾ അപ്രതീക്ഷിതമായ വഴിത്തിരിവുകൾ ഉണ്ടാകുകയും നഷ്ടപ്പെട്ടുപോകുകയും സംഭവിക്കാം.

രണ്ടാമത്തെ അവസരങ്ങളുടെ ദൈവം എന്നതാണ് യേശുക്രിസ്തുവിന്റെ സൗന്ദര്യം. നാം തെറ്റുകൾ ചെയ്യുമ്പോഴും ആ കുഴപ്പങ്ങളിൽനിന്ന് നല്ലതെന്തെങ്കിലും സൃഷ്ടിക്കാൻ അവനു കഴിയും. റോമർ 8:28 ൽ പറയുന്നതു പോലെ **...ദൈവത്തെ സ്നേഹിക്കുന്നവർക്കു... സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു.**

പുതിയ വാതിലുകളും പുതിയ തുടക്കങ്ങളും തുറന്നു തരുന്നവനാണ് ദൈവം. നിങ്ങൾ ഇതു വായിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ പുതിയ അവസരങ്ങളും തുടക്കങ്ങളും ഉണ്ടാകാനായി ഞാൻ പ്രാർത്ഥിക്കുന്നു. നമുക്കു ലക്ഷ്യവും സമൃദ്ധിയായ ജീവനും നൽകാനാണ് യേശുക്രിസ്തു വന്നത്. പ്രാർത്ഥനയോടെ നിങ്ങളുടെ ജീവിതം അവനിൽ സമർപ്പിക്കുക, അവൻ എല്ലാം പുതുതാക്കും.

ഒന്നുമില്ലാത്തിടത്ത് ദൈവം ജീവൻ സൃഷ്ടിക്കുന്നു, നിരാശയെ പുതിയ തുടക്കമാക്കി മാറ്റുന്നു. ഒരിക്കൽ മരിച്ചതായി തോന്നിയ കുറ്റിയിൽനിന്ന് പുതിയ ജീവന്റെ പ്രതീകമായ ഒരു മുള ഉയർന്നുവരും. ജീവനില്ലാത്തിടങ്ങളിൽ ജീവൻ കൊണ്ടുവരാൻ ദൈവത്തിനു ശക്തിയുണ്ട്. ഉണങ്ങിയ അസ്ഥികളോടു സംസാരിക്കാൻ യെഹെസ്കേൽ 37 നമ്മെ ഓർമ്മിപ്പിക്കുന്നു, എന്നാൽ അവ വീണ്ടും ജീവൻ പ്രാപിക്കും. ചത്ത സാഹചര്യങ്ങളിൽ ജീവനെക്കുറിച്ച് സംസാരിക്കുക. അതു തന്നെയാണ് യേശുക്രിസ്തുവിന്റെ ജനനത്തിന്റെ വാഗ്ദാനവും.

ഉണങ്ങിയ അസ്ഥികൾ നിറഞ്ഞ ഒരു താഴ്വരയുടെ ദർശനം യെഹെസ്ക്കേൽ കണ്ടു. ദൈവം അവനോടു പ്രവചിക്കാൻ കൽപിച്ചപ്പോൾ, അസ്ഥികൾ ഒന്നിച്ചു, മാംസത്താൽ മൂടപ്പെട്ടു, ശ്വാസം ലഭിച്ചു, ഒരു വലിയ സൈന്യമായി മാറി. ഏറ്റവും തരിശായതും നിർജ്ജീവവുമായ സാഹചര്യങ്ങളിൽപോലും പുതിയ തുടക്കങ്ങൾ സൃഷ്ടിക്കാൻ ദൈവത്തിനു കഴിയുമെന്ന് പുനരുത്ഥാനത്തിന്റെയും നവീകരണത്തിന്റെയും ഈ ശക്തമായ ചിത്രം നമുക്കു ഉറപ്പു നൽകുന്നു.



**ഉണങ്ങിയ അസ്ഥികൾ നിറഞ്ഞ ഒരു താഴ്വരയുടെ ദർശനം യെഹെസ്ക്കേൽ കണ്ടു**

9-ാം പേജിൽ തുടരും...


**നെഹെമ്യ ബൈബിൾ കോളേജുകൾ**

ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

ECHO OF HIS CALL 1969-2019 GOLDEN JUBILEE — REACHING NATIONS

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ദൈവശാസ്ത്രത്തിൽ ഡിപ്ലോമ**

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## MAIN CHURCH PROGRAMMES

1. Prayer Service : 24 hours
2. **ECHO OF HIS CALL** - Monthly Magazines :English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikan.
3. **BIBLECOR -** Basic Bible Courses (English, Tamil & Hindi)
4. Theological Correspondence Courses: English & Tamil
5. Nehemiah Bible Colleges (Chepauk, Santhoshapuram & Velachery)
6. Great Commission Partners (Network of Pastors)
7. Training Programmes – Seminars & Retreats
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools (Chepauk) : 10.30 a.m. Sunday & (Velachery, Balaji Nagar & Santhoshapuram) 3.00 p.m. Sunday
13. **Early Morning Service : 5.30 a.m. Sunday**
14. **Preliminary Service : 8.00 a.m. Sunday**
15. **Tamil Service : 8.30 a.m. Sunday**
16. **Youth Meeting : 11.00 a.m. Sunday**
17. **Fellowship Lunch : 1.00 p.m. Sunday**
18. **Hindi Service : 4.00 p.m. Sunday**
19. **Telugu Service : 5.00 p.m. Sunday**
20. **English & Hindi Service : 6.00 p.m. Sunday**
21. Feedback Time : 7.30 p.m. Sunday
22. Women's Prayer : 5.30 p.m. Wednesday
23. Men's Prayer : 7.00 p.m. Friday
24. Discipleship Meeting : 6.00 p.m. Saturday
25. House Meetings : 6.30 p.m. Tuesday & Thursday
26. Special Holy Communion : 6.00 a.m. 1st day of each month
27. Ministers' Meeting : 6.00 p.m. First Saturday
28. Parents' Prayer : 4.00 p.m. First Sunday
29. Night Prayer : 9.30 p.m. Third Friday
30. Fasting Prayer : 9:30 a.m. Second Saturday
31. Holy Communion : Second Sunday Services
32. Youth / Kid Prayer : 10.00 p.m. daily (over phone)
33. Staff Devotion : 9.00 a.m. daily
34. Office : 9.00 a.m. to 9.00 p.m. (except Sundays)

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

**...യഹോവയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ** സദൃശ്യവാക്യങ്ങൾ 16:20

എന്റെ ശുശ്രൂഷയുടെ പ്രാരംഭ വർഷങ്ങൾക്കുശേഷം, വിദേശ രാജ്യങ്ങളിലെ മിഷനറിമാർ ജീവിക്കുന്നത് എങ്ങനെ, ആത്മീയ ജീവിതം എങ്ങനെയാണ് പരിപോഷിപ്പിക്കുന്നത്, ആ രാജ്യങ്ങളിലെ ശുശ്രൂഷകൾ എങ്ങനെയാണ് നടത്തപ്പെടുന്നത് എന്നൊക്കെ അറിയാനുള്ള ജിജ്ഞാസ എന്നിൽ വളർന്നുവന്നു. എന്നാൽ, അപ്പോൾ എനിക്ക് വരുമാന മാർഗ്ഗങ്ങളോ, പൊതുജന പിന്തുണയോ, മതിയായ ആത്മീയദാനങ്ങളോ വരങ്ങളോ ഇല്ലായിരുന്നു.

എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട്, ഞാൻ തന്നെ എന്റെ ഡയറിയിൽ, ഞാൻ 1989 ഓഗസ്റ്റിൽ മലേഷ്യ സന്ദർശിക്കുമെന്ന് എഴുതാൻ ധൈര്യപ്പെട്ടു. ഇങ്ങനെ എഴുതിയ കാര്യം ഞാൻ ഉടനെതന്നെ മറന്നുപോകുകയും ഏകദേശം മൂന്നു മാസത്തോളം ഇതിനെക്കുറിച്ച് ഓർക്കാതെയും ഇരുന്നു. ഒരു ദിവസം പെട്ടെന്ന് ആ ഡയറി കാണുകയും എന്റെ പദ്ധതിയെക്കുറിച്ച് ഓർക്കുവാൻ ഇടയാകുകയും ചെയ്തു. എന്റെ സന്ദർശന തീയതി വേഗത്തിൽ അടുത്തു വരികയാണെന്നു മനസ്സിലാക്കിയപ്പോൾ, ഞാൻ ആ വിഷയം പ്രാർത്ഥനയിലൂടെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു അവന്റെ വചനത്തിൽ വിശ്വസിച്ചു. **ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു** (ഫിലിപ്പിയർ 4:6).

ദിവസങ്ങൾ ആഴ്ചകൾ ആയി എങ്കിലും ഒന്നും സംഭവിക്കുന്നതായി തോന്നിയില്ല. ഇന്ത്യയ്ക്കു പുറത്തേക്കു യാത്ര ചെയ്യുവാനുള്ള സാഹചര്യം എനിക്കില്ല എന്ന് അറിയാമായിരുന്നെങ്കിലും ദൈവത്തിലുള്ള വിശ്വാസം അചഞ്ചലമായി തന്നെ ഉണ്ടായിരുന്നു. ഈ സമയത്ത് സ്ഥിരമായി മലേഷ്യയിലേക്കു പോയിക്കൊണ്ടിരുന്ന ഒരു സഹോദരനെ കാണുവാനിടയായി. എന്റെ ആഗ്രഹം അദ്ദേഹവുമായി പങ്കുവച്ചപ്പോൾ മാർഗ്ഗനിർദ്ദേശത്തിനായി ചെന്നൈയിലുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽ വരാൻ പറഞ്ഞു. ഞാൻ അടുത്ത പ്രഭാതത്തിൽ അവിടെ ചെന്നു. പക്ഷെ, അദ്ദേഹം മറ്റു കാര്യങ്ങളാൽ തിരക്കിലായതിനാൽ അടുത്ത ദിവസം വരാൻ പറഞ്ഞു. ഈ രീതിയിൽ ഏകദേശം ഒരു മാസം കടന്നുപോയി. ഓരോ പ്രാവശ്യത്തെ സന്ദർശനത്തിനും എനിക്ക് സമയവും പണവും നഷ്ടമായി എങ്കിലും അദ്ദേഹം സഹായിക്കുകയില്ല എന്നു അവസാനം മനസ്സിലാക്കി. അവസാനം എന്നോടു അദ്ദേഹം ഇങ്ങനെ പറഞ്ഞു: "നിനക്കു മലേഷ്യയിൽ പോകാൻ സാധിക്കുകയില്ല. എന്നെപ്പോലെയുള്ള വരം ലഭിച്ചവർക്കും കഴിവുള്ളവർക്കും മാത്രമേ അവിടെ പോകാൻ കഴിയുകയുള്ളൂ. അതിനാൽ ഇനി എന്നെ കാണാൻ വരേണ്ട."

അദ്ദേഹം നിരുത്സാഹപ്പെടുത്തി എങ്കിലും ഞാൻ പ്രതീക്ഷ കൈവിട്ടില്ല. ദൈവഹിതം വെളിപ്പെടാൻ പ്രാർത്ഥനയോടെ കാത്തിരുന്നു.

രണ്ടാഴ്ച കഴിഞ്ഞ് ഓഫീസിൽ വന്ന കത്തുകളുടെ കൂട്ടത്തിൽ മലേഷ്യയിൽ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന പാസ്റ്റർ ദേവരാജലുവിന്റെ കത്ത് കണ്ടു. അതിൽ ഇങ്ങനെ എഴുതിയിരുന്നു:

*ക്രിസ്തുവിൽ പ്രീയ സഹോദരൻ, ബ്ര. സാം സെൽവരാജ്,*

*ഞാൻ പുസ്തകങ്ങളെ സ്നേഹിക്കുന്ന ആളാണ്. ഇന്ന് പഴയ പുസ്തകങ്ങൾ വില്ക്കുന്ന ഒരു കടയിൽ പോയപ്പോൾ വിളിയുടെ പ്രതിധ്വനി മാസികയുടെ ഒരു പഴയ കീറിയ പതിപ്പ് കാണുവാനിടയായി. ഞാൻ അത് വായിച്ചപ്പോൾ കർത്താവ് എന്നോടു സംസാരിച്ചു. ദയവായി അതിന്റെ പഴയ ലക്കങ്ങളും അയച്ചു തരിക. തപാൽ ചിലവു ഞാൻ വഹിക്കുന്നതാണ്. നിങ്ങളെ നേരിട്ടു കാണുവാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ യാത്ര, താമസം, ഭക്ഷണം എന്നിവയുടെ ചിലവു വഹിക്കാൻ ഞാൻ തയ്യാറാണ്. ദയവായി മലേഷ്യയിലേക്കു വരിക. കൂടാതെ സിംഗപ്പൂരിലും ഇന്തൊനേഷ്യയിലും ശുശ്രൂഷ ചെയ്യാൻ ഞാൻ സൗകര്യം ഒരുക്കാം. നിങ്ങളെപ്പോലെയുള്ള ദൈവത്തിന്റെ ശുശ്രൂഷകരെ ഞങ്ങൾക്കു ആവശ്യമാണ്. ദയവായി ഉടൻ മറുപടി നൽകുക.*

*സ്നേഹത്തോടെ,*
*പാസ്റ്റർ ദേവരാജുലു*

ദൈവത്തിന്റെ വിശ്വസ്തതയിൽ ഞാൻ അതിശയിച്ചു. ഞാൻ ഡയറിയിൽ എഴുതിയതുപോലെ പാസ്റ്റർ ദേവരാജുലുവിന്റെ സഹായത്തോടെ 1989 ആഗസ്റ്റിൽതന്നെ മലേഷ്യ സന്ദർശിക്കാൻ ദൈവം അനുവദിച്ചു. ഞാൻ സിംഗപ്പൂരും ഇന്തൊനേഷ്യയും സന്ദർശിച്ച് പതിനായിരങ്ങൾ പങ്കെടുത്ത യോഗങ്ങളിൽ, പാപത്തിൽനിന്നും ശാപത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും യേശുക്രിസ്തുവിലൂടെയുള്ള വിടുതലിനെക്കുറിച്ചുള്ള സന്ദേശം പങ്കുവച്ചു. അവിടെ ശുശ്രൂഷിക്കാൻ ദൈവം അവസരം തന്നതിലൂടെ കർത്താവിന്റെ അനേകം ശുശ്രൂഷകരുമായി സൗഹൃദം സ്ഥാപിക്കുവാൻ കഴിഞ്ഞു-ഇന്നേദിവം വരെ തുടരുന്ന സൗഹൃദങ്ങൾ!

അതിനുശേഷം, സൗത്ത് ആഫ്രിക്ക, അമേരിക്ക, ഇംഗ്ലണ്ട്, സ്കോട്ട്ലാൻഡ്, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലാന്റ്, കാനഡ, ആസ്ട്രേലിയ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച് ദൈവത്തിന്റെ വചനം പ്രസംഗിക്കാൻ അവസരം ലഭിച്ചതിലൂടെ എന്റെ ശുശ്രൂഷയെ ദൈവം വികസിപ്പിച്ചു. ആയിരങ്ങൾ യേശുക്രിസ്തുവിലൂടെയുള്ള വിടുതലിന്റെ സന്ദേശം ശ്രവിക്കുവാൻ ഇടയായി.

ഇപ്പോഴും അനേകം രാജ്യങ്ങളിൽ സുവിശേഷിക്കുവാനുള്ള എണ്ണമറ്റ ക്ഷണം ലഭിക്കുന്നുണ്ട് എങ്കിലും സമയം ഇല്ലാത്തതിനാൽ പോകാൻ കഴിയുന്നില്ല. ഇതാണ് ദൈവം എനിക്കു നൽകിയ അനുഗ്രഹത്തിന്റെ വ്യാപ്തി.

പ്രീയ വായനക്കാരാ, ഞാൻ ശുശ്രൂഷിക്കുന്ന കർത്താവായ യേശുക്രിസ്തു മാത്രമാണ് യഥാർത്ഥ ദൈവം. അവൻ വഴിയും സത്യവും ജീവനുമാണ്. അവനിൽ വിശ്വസിക്കുവിൻ. നിങ്ങളുടെ ജീവിതങ്ങളെ സമർപ്പിപ്പിൻ. നിങ്ങളെ വിളിച്ചതായി തോന്നുന്നുവെങ്കിൽ, വിശ്വാസത്തോടെ മുന്നോട്ട് ഇറങ്ങുവിൻ. അവൻ നിങ്ങളെ അനുഗ്രഹിക്കുകയും വഴിനടത്തുകയും ചെയ്യും.

**അവൻ പാറയെ ജലതടാകവും തീക്കല്ലിനെ നീരുറവും ആക്കിയിരിക്കുന്നു** (സങ്കീർത്തനങ്ങൾ 114:8).

************

6-ാം പേജിന്റെ തുടർച്ച...

ഒരു കുറ്റിയിൽ നിന്നുള്ള ഒരു മുള! നിലവിലില്ലാത്ത കാര്യങ്ങൾ അവൻ നിലനില്പിനായി വിളിക്കുന്നു. **മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തവയെ ഉണ്ടാകാൻ വിളിക്കുകയും ചെയ്യുന്ന ദൈവം** (റോമർ 4:17).

**നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി ചെയ്‌വാൻ... കഴിയുന്നവന്നു** (എഫെസ്യർ 3:20).

പ്രത്യാശ കൈവെടിയരുത്! ഒരു പുതിയ തുടക്കം നിങ്ങളെ കാത്തിരിക്കുന്നു. നിങ്ങൾ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾ ദൈവത്തിന്റെ മഹത്വം കാണും. അവൻ പരിമിതിയില്ലാത്തവനാകയാൽ അവനിൽ ആശ്രയിപ്പിൻ. മറികടക്കാനാകാത്തതായി തോന്നുന്ന വെല്ലുവിളികളെ നാം നേരിടുമ്പോഴും അസാദ്ധ്യമായതു ചെയ്യാൻ അവൻ പ്രാപ്തനാണ്.

## 5. യഥാർത്ഥ മുന്തിരിവള്ളി!

സമൃദ്ധമായി ജീവിക്കാനും ദൈവമഹത്വത്തിനായി ഫലം കായ്ക്കാനും യഥാർത്ഥ മുന്തിരിവള്ളിയായ യേശുക്രിസ്തു നമ്മെ പ്രാപ്തരാക്കുന്നു. ഫലപ്രാപ്തിക്കായി നാം അവനിൽ ആശ്രയിക്കണം. നമുക്ക് ദൈവമക്കളാകാനും അവന്റെ രാജ്യത്തിനായി ഫലം കായ്ക്കാനും യേശുക്രിസ്തു ലോകത്തിലേക്കു വന്നു. **എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല** (യോഹന്നാൻ 15:5).



**അവനിൽ വസിക്കുന്നവർ വളരെ ഫലം കായ്ക്കുന്നു, പിതാവിനെ മഹത്വപ്പെടുത്തുന്നു**

ഈ ശാഖ ഫലപ്രാപ്തിയുടെയും വളർച്ചയുടെയും സമൃദ്ധിയുടെയും പ്രതീകമാണ്. യേശുക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ സ്വർഗ്ഗസ്ഥനായ പിതാവിനു മഹത്വം ലഭിക്കേണ്ടതിനായി ഫലം കായ്ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. താൻ യഥാർത്ഥ മുന്തിരിവള്ളിയാണെന്നും നിങ്ങൾ ശാഖകളാണെന്നും യേശുക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ചു. തന്നിൽ തന്നെ വസിക്കാൻ അവൻ അവരെ പ്രോത്സാഹിപ്പിച്ചു. കാരണം, അവന്റെ കൂടെയല്ലാതെ അവർക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. അവനിൽ വസിക്കുന്നവർ പിതാവിനെ മഹത്വപ്പെടുത്തിക്കൊണ്ട് ധാരാളം ഫലം കായ്ക്കുന്നു (യോഹന്നാൻ 15).

ഈ സത്യം യഥാർത്ഥ മുന്തിരിവള്ളിയായ യേശുക്രിസ്തുവിനെ ആശ്രയിക്കുന്നതിലൂടെ വളർച്ചയും ഫലപ്രാപ്തിയും എന്ന ആശയത്തെ നേരിട്ട് പ്രതിഫലിപ്പിക്കുന്നു.

യെശയ്യാവ് 11:1 ധ്യാനിക്കുമ്പോൾ, ദൈവം നിങ്ങളുടെ ജീവിതത്തിലും, നിങ്ങളുടെ കുടുംബത്തിലും, നിങ്ങളുടെ ശുശ്രൂഷയിലും, നിങ്ങളുടെ ജോലിസ്ഥലത്തും ഒരു പുതിയ മുള ഉണ്ടായി വരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ചെറുതെങ്കിലും പ്രധാനപ്പെട്ട ഈ മുള പരിവർത്തനവും പുതുക്കവും കൊണ്ടുവരും.

ഈ വർഷം നിങ്ങളുടെ ജീവിതത്തിൽ പുതിയ തുടക്കം വേരൂന്നാനായി ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. എല്ലാ നഷ്ടങ്ങളും പുനഃസ്ഥാപിക്കുകയും ചാരത്തിൽ നിന്നു സൗന്ദര്യം കൊണ്ടുവരികയും ചെയ്യുന്ന, എല്ലാ പ്രതീക്ഷകളുടെയും ഉറവിടമായവനിൽ നിങ്ങൾ വിശ്വസിക്കുവിൻ. അവനാണ് പുനരുദ്ധാരണത്തിന്റെ ദൈവം, പുതിയ തുടക്കങ്ങളിലേക്കുള്ള വാതിലുകൾ തുറക്കുന്നവൻ.

ഈ വർഷം നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നവീകരണത്തിന്റെയും ഫലപ്രാപ്തിയുടെയും വർഷമായിത്തീരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ അവനിൽ വസിക്കുമ്പോൾ നിങ്ങൾക്കു ഇരട്ടിക്കലും വളർച്ചയും സമൃദ്ധിയും അനുഭവിക്കാൻ കഴിയട്ടെ. അവനിൽ സമ്പൂർണ്ണമായി ആശ്രയിക്കുകയാണെങ്കിൽ പിതാവിനു മഹത്വം കരേറ്റിക്കൊണ്ട് നിങ്ങൾക്ക് ധാരാളം ഫലം പുറപ്പെടുവിക്കാൻ സാധിക്കും.

************


## IMMEDIATE REQUIREMENT

**ECHO OF HIS CALL is expanding at a fast pace. We need mission minded, dedicated and faithful men and women candidates for the following positions:**

- Full time Assistant Pastors for our Main Church
- Full time Assistant Pastors for our Branch Churches in Chennai
- Full time security personnel
- DTP Operators and Typists
- Candidates with proficiency in speaking and writing English and other languages
- Managers and Co-ordinateors interested in School & Office Administration
- Full time Bible College Lecturers
- Volunteers who can promote our ministry in cities & villages
- Hon. Co-ordinators to serve in Editorial Board of **Echo of His Call**
- Full time Drivers
- Principal and Teachers for Matriculation School
- Full time female cooks
- Full time housekeeping employees

**Salary based on qualification and experience.**

Please Contact **ECHO OF HIS CALL** office
**Apply at Whatsapp No : 98412 71858**
**Email : sam@echoofhiscall.org**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
*Please subscribe*

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks.

- Editor

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : **Triplicane, Chennai-5**
Name : **S. Sam Selva Raj**
A/C No. : **1023 2934 679**
IFSC : **SBIN 00 00 249**
SWIFT CODE : **SBI NIN BB 455**

### *2. Bank : ICICI Bank*

Branch : **Anna Salai, Chennai-6**
Name : **Echo of His Call**
A/C No. : **6038 0502 2319**
IFSC : **ICIC 000 6038**

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : **Triplicane, Chennai-5**
Name : **Echo of His Call Educational Trust**
A/C No. : **1023 2923 805**
IFSC : **SBIN 00 00 249**

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ | ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th MARCH 2025.
If un-delivered please return to:
**ECHO OF HIS CALL (MALAYALAM)**
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**